# കേരകൃഷി വികസനം: പദ്ധതി ഒരുങ്ങുന്നു

## പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്താണ് ബൃഹത് പദ്ധതി നടപ്പാക്കാനൊരുങ്ങുന്നത്

കൂത്താട്ടുകുളം: പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തു കേരകൃഷി വികസനത്തിനും നാളികേര ഉൽപന്ന വിപണനത്തിനുമായി ബൃഹത് പദ്ധതി. ബ്ലോക്ക് പരിധിയിലുള്ള തിരുമാറാടി, പാമ്പാക്കുട, കൂത്താട്ടുകുളം, പാലക്കുഴ, ഇലഞ്ഞി, പിറവം, രാമമംഗലം പഞ്ചായത്തുകളിലായി നൂറിലേറെ നാളികേര ഉൽപാദക സംഘങ്ങൾ രൂപീകരിക്കാനാണു തുടക്കത്തിൽ ലക്ഷ്യമിടുന്നത്.

നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസിന്റെ നിർദേശമനുസരിച്ചാണു പദ്ധതിയുമായി ബ്ലോക്ക് പഞ്ചായത്ത് മുന്നോട്ടുപോകുന്നത്. മേഖലയിലെ നാളികേര വികസന പദ്ധതികൾക്ക് രൂപം നൽകാൻ നടത്തിയ യോഗം ഉദ്ഘാടനം ചെയ്യാനെത്തിയതായിരുന്നു അദ്ദേഹം. ഗ്രാമീണതലത്തിൽ രൂപീകരിക്കുന്ന ഉൽപാദക സംഘങ്ങളിൽ അഞ്ചു തെങ്ങുകളെങ്കിലുമുള്ള കർഷകർക്ക് അംഗങ്ങളാകാം. പഞ്ചായത്തുതലത്തിൽ ഈ സംഘങ്ങൾക്കു ഫെഡറേഷനുകളുണ്ടാകും. ജില്ലയിൽ ആദ്യമായാണ് ഇത്തരമൊരു സംരംഭമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷേർലി സ്റ്റീഫൻ, വൈസ് പ്രസിഡന്റ് ഉല്ലാസ് തോമസ് എന്നിവർ പറഞ്ഞു.




*കേര കൃഷി, വ്യവസായ വികസനവുമായി ബന്ധപ്പെട്ട് പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന യോഗം നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഉദ്ഘാടനം ചെയ്യുന്നു. ബീന ജയിംസ്, അംബിക തങ്കപ്പൻ, അനിത ജേക്കബ്, ഐഷ മാധവി, ഉല്ലാസ് തോമസ്, ജോസഫ് ബാബു, ഷേർലി സ്റ്റീഫൻ, ഗ്രേസി മാത്യു, ജോണി അരീക്കാട്ടേൽ, ടി.വി. രാധാകൃഷ്ണൻ, കെ.എ. സെബാസ്റ്റ്യൻ സമീപം.*

ഈ ഫെഡറേഷനുകൾ ചേർന്ന് നാളികേര ഉൽപന്നങ്ങൾ സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി കമ്പനി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. അതിനുള്ള അനുകൂല സാഹചര്യം ഇവിടെയുണ്ടെന്നും അതുവഴി കരിക്കിൻവെള്ളം പായ്ക്കു ചെയ്ത് കയറ്റുമതി ചെയ്യാനുള്ള അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്താമെന്നും ബോർഡ് ചെയർമാൻ വ്യക്തമാക്കിയിരുന്നു. കരിക്കിന്റെ ഉപഭോഗം പരമാവധി വർധിപ്പിച്ചാൽ വെളിച്ചെണ്ണവിലയെ മാത്രം അടിസ്ഥാനമാക്കിയുള്ള തേങ്ങാവില നിർണയത്തിന് അന്ത്യം കുറിക്കാവുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

തേങ്ങാപൗഡർ, വിർജിൻ കോക്കനട്ട് ഓയിൽ, നാളികേര സ്നാക്സ് എന്നിവ ഉൽപാദിപ്പിക്കാനും പുതിയ യൂണിറ്റ് വഴി ലക്ഷ്യമിടുന്നു. തേങ്ങയുടെ അനുബന്ധ ഘടകങ്ങളുടെ വിപണനത്തിലൂടെയും കർഷകർക്കു നേട്ടമുണ്ടാക്കാനാവും. ഒരു തേങ്ങയുടെ പകിരിക്ക് ഒന്നേകാൽ രൂപയും ചിരട്ടയ്ക്ക് 75 പൈസയും ഇപ്പോൾതന്നെ വിലയുണ്ട്. ചിരട്ടയിൽനിന്നുള്ള ഉത്തേജിത കരി ഏറ്റവുമധികം കയറ്റുമതി ചെയ്യുന്ന രാജ്യം ഇന്ത്യയാണെന്നും നടപ്പു സാമ്പത്തിക വർഷത്തെ കയറ്റുമതി 250 കോടിയിലേറെ രൂപയ്ക്കായിരുന്നെന്നും ടി.കെ. ജോസ് പറഞ്ഞു.

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനത്തോടെ നാളികേര ഉൽപന്നങ്ങൾ വൈകാതെ വിദേശത്ത് വൻതോതിൽ എത്തിക്കാനാകും. സബ്സിഡിയെ മാത്രം ആശ്രയിക്കാതെ നാളികേര ഉൽപാദക സംഘങ്ങൾക്ക് സാമ്പത്തിക സുസ്ഥിരത നേടാനുതകുന്ന ബഹുവിധ പദ്ധതികൾ 12–ാം പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗുണനിലവാരമുള്ള തെങ്ങിൻതൈകൾ ഉൽപാദിപ്പിക്കാനും ആധുനിക കൊപ്രാ ഡ്രയറുകൾ ഉപയോഗിച്ച് ഏതു കാലാവസ്ഥയിലും ഗുണനിലവാരമുള്ള കൊപ്ര ഉണ്ടാക്കാനും സാധിക്കും.

ഒരു വർഷമെങ്കിലും പ്രവർത്തനമികവ് പ്രകടിപ്പിക്കുന്ന സംഘങ്ങൾക്ക് നീര ഉൽപാദനത്തിനുള്ള ലൈസൻസുകൾ നൽകാൻ സംസ്ഥാന സർക്കാരിനു കഴിഞ്ഞാൽ കേരകൃഷി കൂടുതൽ ആകർഷകമാകുമെന്നും ബോർഡ് ചെയർമാൻ അഭിപ്രായപ്പെട്ടു. യോഗത്തിൽ ഷേർലി സ്റ്റീഫൻ അധ്യക്ഷത വഹിച്ചു. ഉല്ലാസ് തോമസ്, ജോസഫ് ബാബു, അനിത ജേക്കബ്, ഐഷ മാധവി, ജോണി അരീക്കാട്ടേൽ, ഗ്രേസി മാത്യു, അംബിക തങ്കപ്പൻ, ബീന ജയിംസ്, ടി.വി. രാധാകൃഷ്ണൻ, കെ.എ. സെബാസ്റ്റ്യൻ, എം.എ. ലീനാമോൾ പ്രസംഗിച്ചു.